# തിരുവനന്തപുരം നഗരസഭ

## ആറ്റുകാൽ പൊങ്കാല– 2019

### അന്നദാനം/കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിബന്ധനകൾ

1. നഗരസഭാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് കൗണ്ടറിനു മുന്നിൽ/വാഹനത്തിനു മുന്നിൽ പ്രദർശിപ്പിക്കണം.

2. അന്നദാനം/കുടിവെള്ള വിതരണം നടത്തുന്നതിന് പ്ലാസ്റ്റിക്ക്, മൾട്ടിലെയർ പ്ലാസ്റ്റിക്ക്, തെർമോക്കോൾ, അലുമിനിയം ഫോയിൽ എന്നിവ കൊണ്ടുള്ള പാത്രങ്ങൾ, ഗ്ലാസുകൾ, പേപ്പർ കപ്പുകൾ എന്നിങ്ങനെയുള്ള യാതൊരുവിധ ഡിസ്പോസബിൾസും ഉപയോഗിക്കാൻ പാടില്ല.

3. പ്ലാസ്റ്റിക്ക്, നോൺവോവൺ പോളിപ്രൊപ്പലീൻ ക്യാരി ബാഗുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

4. ഭക്ഷണ/കുടിവെള്ള വിതരണത്തിനായി സ്റ്റീൽ, സെറാമിക്ക്, കണ്ണാടി, മണ്ണ് മുതലായവ കൊണ്ടുള്ള പുനരുപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ മാത്രം ഉപയോഗിക്കുക.

5. പൊങ്കാലയ്ക്കു വരുന്ന ഭക്തജനങ്ങൾ സ്റ്റീൽ പാത്രവും, സ്റ്റീൽ ഗ്ലാസും കൊണ്ടുവരണമെന്ന സന്ദേശം ബഹു. കേരളാ സർക്കാരും, തിരുവനന്തപുരം നഗരസഭയും കേരളമൊട്ടാകെയും തമിഴ്നാട്ടിലും അറിയിച്ചിട്ടുണ്ട്. ഭക്ത ജനങ്ങൾ കൊണ്ടുവരുന്ന പാത്രങ്ങളിൽ തന്നെ ഭക്ഷണവും കുടിവെള്ളവും നൽകാൻ ശ്രദ്ധിക്കണം.

6. അടിയന്തിര സാഹചര്യം നേരിടാനായി കുറച്ച് സ്റ്റീൽ പ്ലേറ്റുകളും, സ്റ്റീൽ ഗ്ലാസുകളും കൗണ്ടറിൽ/ വാഹനത്തിൽ കരുതി വയ്ക്കുക.

7. ഭക്ഷണം/കുടിവെള്ളം തയ്യാറാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് വൃത്തിയാക്കി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുകയോ നഗരസഭയുടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ എത്തിക്കുകയോ ചെയ്യുക.

8. ജൈവമാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം സ്വന്തമായി ഒരുക്കേണ്ടതാണ്.

9. രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ ഭക്ഷണ / കുടിവെള്ള വിതരണം അനുവദിക്കുകയുള്ളു.